**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 108** **08-12-2022 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായി വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ പൊതുമരാമത്ത്, തദ്ദേശ റോഡുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പരിശോധന നടത്തിയിരുന്നു. അപാകത കണ്ടെത്തിയ ഇടങ്ങളിൽ കേസെടുത്ത് വിജിലൻസ് അന്വേഷണം നടത്തുകയാണ്. |
| (ബി) | റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കി മാസങ്ങൾക്കകം കുഴികൾ രൂപപ്പെട്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കി മാസങ്ങൾക്കകം കുഴികൾ രൂപപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ കടുത്ത നടപടികൾക്ക് നിർദ്ദേശം നൽകാറുണ്ട്. |
| (സി) | റോഡ് നിർമ്മാണത്തിന് ആവശ്യമായ ടാർ ഉപയോഗിക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | റോഡ് നിർമ്മാണത്തിന് ഗുണനിലവാരം ഉറപ്പ് വരുത്തുവാൻ വ്യത്യസ്ത സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ട്. കൃത്യമായ അളവിൽ ടാർ ഉൾപ്പെടെയുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സൈറ്റുകളിൽ ഉദ്യോഗസ്ഥ സാന്നിധ്യം നിർബന്ധമാണ്. ഇതു കൂടാതെ ഒന്നാംതല, രണ്ടാംതല ഗുണനിലവാര പരിശോധനയും നടക്കും. ഇതിൽ ടാർ ഉപയോഗത്തിന്റെ അളവിൽ ന്യൂനതകൾ കണ്ടെത്തുന്ന സന്ദർഭങ്ങളിൽ അവ പരിഹരിക്കുന്നതിന് ക്വാളിറ്റി കണ്ട്രോൾ മാന്വൽ അനുസരിച്ച് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളിൽ ഗുണനിലവാരം ഉറപ്പിക്കുന്നതിന് വകുപ്പ് ഉയർന്ന പരിഗണനയാണ് നൽകുന്നത്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിലെ ഗുണനിലവാര പരിശോധനക്കായി ആട്ടോമേറ്റഡ് മൊബൈൽ ക്വാളിറ്റി ലാബുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രവൃത്തി ഇടങ്ങളിൽ നേരിട്ടെത്തി പരിശോധന നടത്തുന്നതാണ് ഈ സംവിധാനം. മൂന്ന് മൊബൈൽ |

| | | | |
|---|---|---|---|
| | | | ലാബുകൾ ഇത്തരത്തിൽ പ്രവർത്തിക്കും. ഇതോടൊപ്പം എല്ലാതരം പരിശോധനാസംവിധാനവും ഉള്ള ലോകോത്തരനിലവാരമുള്ള ലാബ് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ സജ്ജമാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ മാന്വൽ അനുസരിച്ചുള്ള വിവിധ പരിശോധനകൾ നടപ്പിലാക്കുന്നുണ്ട്. ഇതിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ക്വാളിറ്റി കൺട്രോൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ നിർമ്മാണ പ്രവൃത്തികളുടെ പരിശോധനയ്ക്കായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തലവനായുള്ള വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തുകയും അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഒന്നാംതല ഗുണനിലവാര പരിശോധന പ്രവൃത്തി സൈറ്റുകളിൽ നടത്തുന്നതിനു പുറമേ, രണ്ടാംതല ഗുണനിലവാര പരിശോധനയ്ക്കായി Quality Control Lab സംവിധാനങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിച്ചു വരുന്നതും, പ്രവൃത്തി നിർവ്വഹണ വേളയിൽ ടി Quality Control Lab ഉദ്യോഗസ്ഥർ സൈറ്റുകളിൽ നിന്നും സാമ്പിൾ ശേഖരിച്ച് പരിശോധിക്കുകയും അപാകതകൾ ഉള്ള പക്ഷം അവ ചൂണ്ടിക്കാട്ടുകയും ചെയ്തുവരുന്നു. പരിപാലനകാലാവധി ബോർഡുകൾ സ്ഥാപിച്ചതും പ്രവൃത്തികളിലെ ഗുണനിലവാരം ഉയർത്താൻ സഹായിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ